"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. ജ്യോതികുമാരി.കെ.എൻ - ന്റെ പ്രൊബേഷൻ പ്രഖ്യാപിച്ച് - ഉത്തരവാകുന്നു.

---

**കൃഷി (ഇ എ)വകുപ്പ്**

സ.ഉ.(സാധാ) നം.1117/2023/AGRI തീയതി,തിരുവനന്തപുരം, 27-11-2023

---

പരാമർശം:-

1. 29/07/2022 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 680/2022/കൃഷി
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 13/11/2023 തീയതിയിലെ ADFW/5605/2023-SB1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കാസറഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടറായി പരാമർശം (1) ഉത്തരവ് പ്രകാരം 03/08/2022 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിച്ച ജ്യോതികുമാരി.കെ.എൻ-ന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാൾക്കെതിരെ വിജിലൻസ് അന്വേഷണമോ /അച്ചടക്ക നടപടിയോ നിലവിലില്ലെന്നും പ്രൊബേഷൻ കാലയളവിൽ അവധിയോടൊപ്പം മുൻ പിൻ ദിവസങ്ങൾ ഉൾപ്പെടെ ആകെ 29 ദിവസം വിനിയോഗിച്ചിട്ടുള്ളതിനാൽ ടിയാളുടെ പ്രൊബേഷൻ 04/03/2023 പൂർവ്വാഹ്നം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കാവുന്നതാണെന്നും പരാമർശം (2) കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് 03/08/2022 പൂർവ്വാഹ്നം കൃഷി ഡെപ്യൂട്ടി ഡയറക്ടറായി ജോലിയിൽ പ്രവേശിച്ച ജ്യോതികുമാരി.കെ.എൻ. -ന്റെ പ്രൊബേഷൻ 04/03/2023 പൂർവ്വാഹ്നത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ശ്രീമതി ജ്യോതികുമാരി.കെ.എൻ., കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖാന്തിരം).
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA1/213/2023-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ